**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ(ഡി.എ.)വകുപ്പ്**

നം.4779/ഡി.എ.3/2011/തസ്വഭവ തിരുവനന്തപുരം, തീയതി: 22.01.2011

## സർക്കുലർ

വിഷയം:- ഭാരത സെൻസസ് - ഗ്രാമ/വാർഡ് സഭയിൽ ചർച്ച ചെയ്യുന്നത് സംബന്ധിച്ച്.

സൂചന:- സെൻസസ് ഡയറക്ടറുടെ 13.01.2011-ലെ ടി 641/2011 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

15-ാമത് ഭാരത സെൻസസ് 2011 ഫെബ്രുവരി 9 മുതൽ 28 വരെ ഇന്ത്യയിലുടനീളം നടക്കുകയാണ്. ഇപ്രകാരം നടത്തുന്ന ജനസംഖ്യാ കണക്കെടുപ്പിലൂടെയാണ് നമ്മുടെ രാജ്യത്തെക്കുറിച്ചുള്ള സുപ്രധാന വിവരങ്ങൾ ലഭിക്കുന്നത്. രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് മുഖ്യമായി ആധാരമാക്കുന്നതും ഇതിലൂടെ ലഭിക്കുന്ന വിവരങ്ങളെയാണ്. അതുകൊണ്ടുതന്നെ വ്യക്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമാണെന്നും സത്യസന്ധമാണെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. അതിന് ജനങ്ങളുടെ പൂർണ്ണ സഹകരണം ആവശ്യമാണ്.

സെൻസസിന്റെ പ്രാധാന്യം, വിവരങ്ങൾ സത്യസന്ധമായി നൽകേണ്ടതിന്റെ ആവശ്യകത തുടങ്ങി സെൻസസിനെ സംബന്ധിക്കുന്ന വിവരങ്ങൾ അടുത്ത് കൂടുന്ന ഗ്രാമ/വാർഡ് സഭാ യോഗങ്ങളിൽ പ്രത്യേക അജണ്ടയായി ചർച്ചചെയ്യണമെന്ന് ഗ്രാമപഞ്ചായത്തുകളോടും നഗരസഭകളോടും സർക്കാർ നിർദ്ദേശിക്കുന്നു. വീടുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുന്ന എന്യൂമറേറ്റർമാർക്ക് പൂർണ്ണ സഹകരണം നൽകുന്നതാണെന്നും വിവരങ്ങൾ സത്യസന്ധമായും പൂർണ്ണമായും വ്യക്തമായും നൽകുന്നതാണെന്നും യോഗത്തിൽ ഒരു പ്രമേയം പാസ്സാക്കേണ്ടതാണ്. ജനസംഖ്യാ കണക്കെടുപ്പിനെ സംബന്ധിക്കുന്ന ഒരു ലഘുലേഖ ഈ സർക്കുലറിന്റെ അനുബന്ധമായി നൽകിയിട്ടുണ്ട്. ഇതിന്റെ പകർപ്പ് യോഗത്തിൽ പങ്കെടുക്കുന്ന ഗ്രാമ/വാർഡ് സഭാ അംഗങ്ങൾക്ക് ലഭ്യമാക്കുകയും യോഗത്തിൽ പങ്കെടുക്കാൻ കഴിയാത്തവരുടെ വീടുകളിൽ എത്തിക്കുകയും വേണം.

**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും

5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
12 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
15 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
16 എല്ലാ ടി.എ.ജി. ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
17 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
18 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
19 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
20 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
21 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
22 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
23 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
24 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
25 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
26 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
27 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
28 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
29 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
30 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
31 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾ

2011

# ഭാരത സെൻസസ് 2011

*നമ്മുടെ രാജ്യത്തെ ജനജീവിതത്തെ കുറിച്ചുള്ള സമഗ്രമായ ഒരു അന്വേഷണമാണ് ജനസംഖ്യാ കണക്കെടുപ്പിലൂടെ (സെൻസസിലൂടെ) സാദ്ധ്യമാകുന്നത്. അത് നമുക്ക് നമ്മുടെ രാജ്യത്തെക്കുറിച്ചുള്ള പല സുപ്രധാന വിവരങ്ങളും നൽകുന്നു. രാജ്യത്തിന്റെ വികസനത്തിനും മുന്നോട്ടുള്ള പ്രയാണത്തിനും സർവ്വോപരി ക്ഷേമരാഷ്ട്രസങ്കല്പത്തിന്റെ ലക്ഷ്യപ്രാപ്തിയ്ക്കും അത്യാവശ്യമായ വിവരങ്ങൾ സെൻസസിലൂടെ നമുക്ക് ലഭിക്കുന്നു.*

*സെൻസസ് ഒരു ദശാബ്ദത്തിൽ ഒരിക്കൽ എടുത്തുവരുന്നു. 2011 ഫെബ്രുവരി 9 മുതൽ 28 വരെയാണ് ഇന്ത്യയിലുടനീളം ജനസംഖ്യാകണക്കെടുപ്പ് നടത്തുന്നത്. 2011 മാർച്ച് 1 തുടങ്ങുന്ന 00.00 മണിക്കൂറാണ് ജനസംഖ്യാകണക്കെടുപ്പിനുള്ള നിർദിഷ്ട സമയം. ഈ കാലയളവിനിടയ്ക്ക് താങ്കളേയും താങ്കളുടെ കുടുംബത്തേയും ആ മേഖലയിൽ എന്യൂമറേഷന് നിയോഗിക്കപ്പെട്ട എന്യൂമറേറ്റർ എന്യൂമറേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.*

***ഈ കാലയളവിൽ എന്യൂമറേറ്റർമാർ താങ്കളെ സമീപിക്കുമ്പോൾ***

*താങ്കളുടെ കുടുംബത്തിലെ എല്ലാ വ്യക്തികളേയും കുറിച്ചുള്ള 29 ചോദ്യങ്ങളടങ്ങിയ കുടുംബവിവരപട്ടിക താങ്കളുടെ കുടുംബത്തിന്റേതായി പൂരിപ്പിച്ചിട്ടുണ്ടെന്ന് സദയം ഉറപ്പുവരുത്തുക. എന്യൂമറേറ്റർമാർ വിവരങ്ങൾ ശേഖരിച്ചതിനുശേഷം 2011 മാർച്ച് 1 നും 5 നും ഇടയിൽ ഒരിക്കൽകൂടി താങ്കളുടെ കുടുംബം സന്ദർശിക്കുന്നതാണ്. അദ്ദേഹത്തിന്റെ / അവരുടെ സന്ദർശനത്തീയതിയ്ക്കു ശേഷവും മുകളിൽ പറഞ്ഞ നിർദ്ദിഷ്ടസമയത്തിനും ഇടയിൽ താങ്കളുടെ കുടുംബത്തിലുണ്ടായ ജനനം, മരണം, മറ്റെങ്ങും എന്യൂമറേറ്റ് ചെയ്യപ്പെടാത്ത സന്ദർശകർ എന്നീ വിവരങ്ങൾ താങ്കൾ എന്യൂമറേറ്റർക്ക് അപ്പോൾ കൈമാറേണ്ടതാണ്.*

**കുടുംബവിവരപട്ടിക വഴി വിവരങ്ങൾ ശേഖരിക്കുന്ന 29 ചോദ്യങ്ങൾ താഴെ കൊടുക്കുന്നു.**

◆ വ്യക്തിയുടെ പേര് ◆ കുടുംബനാഥൻ/നാഥയുമായുള്ള ബന്ധം ◆ ആണോ പെണ്ണോ ◆ ജനനത്തീയതിയും വയസ്സും ◆ ഇപ്പോഴത്തെ വൈവാഹിക അവസ്ഥ ◆ വിവാഹസമയത്തെ വയസ്സ് ◆ മതം ◆ പട്ടികജാതി (SC)/പട്ടികവർഗം (ST) ◆ വൈകല്യം ◆ മാതൃഭാഷ ◆ അറിയാവുന്ന മറ്റ് ഭാഷകൾ ◆ സാക്ഷരതാ നിലവാരം ◆ വിദ്യാഭ്യാസസ്ഥാപനത്തിൽ പോകുന്നതിന്റെ സ്ഥിതി ◆ നേടിയ ഏറ്റവും ഉയർന്ന വിദ്യാഭ്യാസ നില ◆ കഴിഞ്ഞ വർഷം എപ്പോഴെങ്കിലും ജോലി ചെയ്തിട്ടുണ്ടോ? ◆ ഉത്പാദനപരമായ പ്രവർത്തനത്തിന്റെ വിഭാഗം ◆ തൊഴിൽ ◆ വ്യവസായത്തിന്റെയോ വ്യാപാരത്തിന്റെയോ സേവനത്തിന്റെയോ സ്വഭാവം ◆ ജോലി ചെയ്യുന്ന ആളിന്റെ വിഭാഗം ◆ ഉത്പാദനപരമല്ലാത്ത പ്രവർത്തനം ◆ ജോലി അന്വേഷിക്കുന്നുണ്ടോ/ചെയ്യാൻ തയ്യാറുണ്ടോ? ◆ ജോലി സ്ഥലത്തേയ്ക്കുള്ള യാത്ര ◆ ജനനസ്ഥലം ◆ അവസാനം താമസിച്ച സ്ഥലം ◆ കുടിയേറ്റത്തിനുള്ള കാരണം ◆ കുടിയേറ്റത്തിനുശേഷം ഈ വില്ലേജിൽ/പട്ടണത്തിൽ എത്രകാലമായി താമസിക്കുന്നു ◆ ജീവിച്ചിരിക്കുന്ന മക്കൾ ◆ ജനിച്ച മക്കൾ ◆ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ജീവനോടെ ജനിച്ച മക്കളുടെ എണ്ണം

*ഇവയിൽ ജനനത്തീയതി, വൈകല്യമുള്ളവരെ കുറിച്ചുള്ള വിവരങ്ങൾ, ജോലി, പ്രത്യേകിച്ചും സ്ത്രീകളും കുട്ടികളും വൃദ്ധജനങ്ങളും ചെയ്യുന്നവ തുടങ്ങിയ വിവരങ്ങൾ പലപ്പോഴും പൂർണമായി റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കാറുണ്ട്. താങ്കളുടെ കുടുംബത്തിലെ അംഗങ്ങളുടെ വിവരങ്ങളെല്ലാം പൂർണമായും വ്യക്തമായും സത്യസന്ധമായും നൽകിയിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പുവരുത്തുക.കൈയൊപ്പ് നൽകി വിവരങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുക. താങ്കൾ നൽകുന്ന വിവരങ്ങൾ വളരെ രഹസ്യമായി സൂക്ഷിക്കുന്നതാണ്.ഇതിലൂടെ കിട്ടുന്ന വിവരങ്ങളാണ് നമ്മുടെ രാജ്യത്തിന്റെ വികസനത്തിന് ആധാരം.*

**നമ്മുടെ സെൻസസ്, നമ്മുടെ ഭാവി**